പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7243 — 16/07/2012 ൽ മറുപടിയ്ക്ക്

## റീസർവ്വേ ഉദ്യോഗസ്ഥരുടെ ജോലി ക്രമീകരണം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. സി. ദിവാകരൻ: | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സമയബന്ധിതമായി റീസർവ്വേ പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ കുറവും, ആധുനിക ഉപകരണങ്ങളുടെ ലഭ്യത കുറവും, നിലവിലുള്ള സ്ഥിരം ജീവനക്കാരെ റീ സർവെ ജോലികൾക്ക് പുറമേ മറ്റു സർവെ ജോലികൾക്കായി വിനിയോഗിക്കുന്നതും റീസർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തടസ്സമാകുന്നുണ്ട്. |
| (ബി) റീസർവ്വേ ഉദ്യോഗസ്ഥന്മാരെ റീസർവ്വേ ജോലിചെയ്യിക്കാതെ ജോലി ക്രമീകരണവ്യവസ്ഥയിൽ മറ്റ് ജോലികൾ ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) ഇത്തരത്തിൽ എത്ര ജീവനക്കാരാണ് മറ്റ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | താലൂക്ക് തലത്തിൽ എൽ.ആർ.എം. സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്ക് 717 ജീവനക്കാരെയും, ഭൂമികേരളത്തിൽ 53 ജീവനക്കാരും, ഡാറ്റ ബാങ്കിലേക്ക് 13 ജീവനക്കാരെയും ജോലി ക്രമീകരണ വ്യവസ്ഥയിലും ജില്ലാ എസ്റ്റാബ്ലിഷ്മെന്റിലേക്ക് 283 ജീവനക്കാരെയും ഫോറസ്റ്റിലേക്ക് 42 ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ